# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4066 26.06.2013 - ൽ മറുപടിക്ക്

## കുടിവെള്ള വിതരണ ടാങ്കറുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം കൈകാര്യം ചെയ്യുന്നതിന് മാത്രമുള്ള ടാങ്കർ ലോറികൾക്കും, കുടിവെള്ള സ്രോതസുകൾക്കും ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ), (ബി) & (സി) | സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം കൈകാര്യം ചെയ്യുന്നതിന് മാത്രമുള്ള ടാങ്കർ ലോറികൾക്കും, കുടിവെള്ള സ്രോതസുകൾക്കും ശാസ്ത്രീയമായ മാനദണ്ഡങ്ങൾ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 11.01.2013-ലെ എ-1/2013/ സി.എഫ്.എസ് നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ളം ലോറികളിലും മറ്റ് വാഹനങ്ങളിലും വിതരണം ചെയ്യുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 11.01.2013 തീയതിയിലെ ഉത്തരവ് നമ്പർ എ-1/2013/ സി.എഫ്.എസ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | | |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

## സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നടപടി ക്രമങ്ങൾ

**ഹാജർ: ശ്രീ.ബിജു പ്രഭാകർ IAS**

**വിഷയം:**സി.എഫ്.എസ്- ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ആക്ട് 2006, 30(2)(d) വകുപ്പ് പ്രകാരവും ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 വകുപ്പ് 2.1, അനക്ഷർ (II)16, അനക്ഷർ (III)(1) എന്നിവ പ്രകാരവും കുടിവെള്ളം വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന നിബന്ധനകൾ

**ഉത്തരവ് നമ്പർ:എ-1/2013/സി.എഫ്.എസ് തിയതി.11/01/2013**

ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ആക്ട് 2006ലെ സെക്ഷൻ 3(j)പ്രകാരം **കുടിവെള്ളം** ആഹാരത്തിൻെറ നിർവചനത്തിൽ ഉൾപ്പെടുന്നു. എന്നാൽ സംസ്ഥാനത്ത് ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിലും ഉപയോഗയോഗ്യമല്ലാത്ത വെള്ളം വിതരണം ചെയ്യുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം ഭക്ഷ്യ വിഷബാധയും ജലജന്യ രോഗങ്ങളും (water borne diseases) ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. അതിനാൽ കുടിവെള്ളം വിതരണം ചെയ്യുന്നവരും കുടിവെള്ളത്തിൻെറ ഉപഭോക്താക്കളും താഴെ പറയുന്ന നിബന്ധനകൾ കർശ്ശനമായി പാലിക്കണമെന്ന് ഇതിനാൽ ഉത്തരവാകുന്നു.

കുടിവെള്ള വിതരണക്കാർ പാലിക്കേണ്ട നിബന്ധനകൾ

1. ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി

ആൻറ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ)റെഗുലേഷൻ 2011 പ്രകാരം FBO ലൈസൻസുകൾ എടുത്തിരിക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവെള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളു.

2. കുടിവെള്ളം വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ടി വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകൾ ലൈസൻസിൽ കൃത്യമായി രേഖപ്പെടുത്തി പ്രത്യേകം പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. സ്വന്തമായി വാഹനം ഇല്ലാത്തവരും വാടക വാഹനങ്ങൾക്ക് ലൈസൻസ് എടുത്തിരിക്കണം.

3. കുടിവെള്ളംവിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും **'Drinking Water/ കുടിവെള്ളം'** എന്ന് വ്യക്തമായി എഴുതി പ്രദർശിപ്പിച്ചിരിക്കണം. മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളമാണെങ്കിൽ **'Not for drinking purpose/ നിർമ്മാണത്തിനും . മറ്റ് ആവശ്യങ്ങൾക്കുമുള്ള വെള്ളം'** എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഇങ്ങനെ എഴുതാതെ കൊണ്ടു പോകുന്ന വെള്ളം കുടിവെള്ളമായി പരിഗണിച്ച് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

4. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും FBO ലൈസൻസ് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം

5. കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിംഗോ മറ്റ് അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ടി കോട്ടിംഗ് നടത്താതെ കുടിവെള്ളം വിതരണം ചെയ്യുന്നത് നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.

6. വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് FBO ലൈസൻസ് ഉണ്ടായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ള സ്രോതസ്സിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവൂ. കുടിവെള്ള സ്രോതസ്സുകളിലെ ജലം 6 മാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ NABL അക്രഡിറ്റഡ് ലാബുകളിലോ പരിശോധിച്ച് ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണം.

7. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും വാഹനങ്ങളിൽ ഘടിപ്പിച്ച ടാങ്കറുകളിലും ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ലൈസൻസ്, കുടിവെള്ളം പരിശോധിച്ച അംഗീകൃത ലാബ് റിപ്പോർട്ട്, കുടിവെള്ള ടാങ്കറിൻെറ ശേഷി, കോട്ടിംഗ് എന്നിവയുടെ തെളിവ് അടങ്ങിയ രേഖകൾ ഉണ്ടായിരിക്കണം. ടി രേഖകൾ ഇല്ലാതെ കുടിവെള്ളം വിതരണം നടത്തിയാൽ ടി വാഹനം പിടിച്ചെടുക്കുന്നതും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## ടാങ്കർ കുടിവെള്ള ഉപഭോക്താക്കൾ പാലിക്കേണ്ട നിബന്ധനകൾ

1. കുടിവെള്ളം പുറമെ നിന്നും വാങ്ങുന്നവർ ഭക്ഷ്യ സുരക്ഷാ ലൈസൻസുള്ള വിതരണക്കാരിൽ നിന്നു മാത്രമേ വാങ്ങി ഉപയോഗിക്കുവാൻ പാടുള്ളൂ.
2. ഹോട്ടലുകൾ, റെസ്റ്റാറൻറുകൾ, ഫ്ലാറ്റുകൾ, ആശുപത്രികൾ, വീടുകൾ, കുടിവെള്ളം ആവശ്യമുള്ള മറ്റ് സംരംഭകർ കുടിവെള്ളം വിതരണം ചെയ്യുന്നവരുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടി രജിസ്റ്ററിൽ കുടിവെള്ള സ്രോതസ്സ്, പരിശോധന റിപ്പോർട്ടിൻെറ പകർപ്പ്, വാങ്ങുന്ന വെള്ളത്തിൻെറ കൃത്യമായ അളവ് (ലിറ്ററിൽ), വിതരണക്കാരൻെറ ലൈസൻസിൻെറ വിവരങ്ങൾ, വിതരണത്തെ സംബന്ധിച്ച കരാറിൻെറ പകർപ്പ് എന്നിവ സൂക്ഷിച്ചിരിക്കണം. ഇത്തരം രജിസ്റ്ററുകൾ സൂക്ഷിക്കാതിരുന്നാൽ ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വ്യക്തത ആവശ്യമുള്ള അവസരങ്ങളിൽ ഫുഡ് സേഫ്റ്റി ടോൾ ഫ്രീ നമ്പർ 1800 425 1125 ൻെറ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്

ഒപ്പ്
(ഫുഡ് സേഫ്റ്റി കമ്മീഷണർ)

സെക്ഷൻ ഓഫീസർ